
ചിറക്
ഡിജിറ്റൽ മാഗസിൻ
ജി. എച്ച്. എച്ച്. എസ്. ചിറക്കര
little KITEs
ലിറ്റിൽ കൈറ്റ്സ്
ഐ. ടി. ക്ലബ്ബ്
പ്രസിദ്ധീകരണം

A. N. SHAMSEER
(THALASSERY)
MEMBER
KERALA LEGISLATIVE ASSEMBLY
AMEENAS
P.O. PARAL, THALASSERY
KANNUR

PHONE :
OFFICE : 0490-2356803
M.L.A.HOSTEL : 0471-2512229
MOBILE : 9447056803
PERIYAR BLOCK-302,
M. L. A. HOSTEL,
THIRUVANANTHAPURAM
E-mail : anshamseer2@gmail.com

CAMP: തലശ്ശേരി
DATE: 22-01-2019

## സന്ദേശം.

ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, ചിറക്കര ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ 'ചിറക്' എന്ന പേരിൽ ഒരു ഡിജിറ്റൽ മാസിക തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ ഏറെ സന്തോഷം. കൂട്ടുകാരുടെ കഴിവുകളെ തൊട്ടുണർത്താൻ കഴിയട്ടെ എന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന സുമനസ്സുകളെ അഭിനന്ദിച്ചുകൊണ്ട് സംരംഭത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

വിശ്വസ്തതയോടെ

അഡ്വ. എ.എൻ.ഷംസീർ
കേരള നിയമസഭ അംഗം
തലശ്ശേരി മണ്ഡലം

# പത്രാധിപസമിതി

| | |
|---|---|
| ചീഫ് എഡിറ്റർ | :ശ്രീമതി  കെ കെ ശോഭന |
| സ്റ്റാഫ്എഡിറ്റർ | :ശ്രീമതി  നിഷ ടി കെ |
| കവർ ഡിസൈനിങ് | :ഷിബിൻ കെ.കെ |
| ലേഔട്ട് ഏൻറ് ഡിസൈനിങ് | :ജയറാം വി. ഒ |
| സ്റ്റുഡൻ്ഡ്എഡിറ്റർ | :കാർത്തിക് എസ് |

പത്രാധിപസമിതി അംഗങ്ങൾ

അശ്വിൻ  പി
ആകാശ് സുധീർ
ജ്യോതിക രാജേഷ്
കാർത്തിക് എൻ

# ആമുഖം

ചിറകുകൾ,അനന്തവിഹായസ്സിലേക്കുയരുവാനുള്ള തുഴകളാണവ. പാഠപുസ്തകങ്ങളിൽ പരിമിതപ്പെട്ടു പോകാതെ ഒരോ കുട്ടിയും സ്വയം ബലപ്പെടുകയാണ്. വിടരുവാൻ നോമ്പു നോറ്റിരിക്കുന്ന കുഞ്ഞു ചിന്തകളിൽ പ്രതീക്ഷകളുടെ ചിറകനക്കങ്ങൾ നിഴലിക്കുന്നുണ്ട്. ഇനിയുള്ളത് അവരുടെ കാലമാണ്. വിവര സങ്കേതികതയാണ വരുടെ കളിമുറ്റം. നമുക്കവരോടൊപ്പം ഒരൽപം വേഗത്തിൽ നടക്കാം .ഇവിടെ വിദ്യാലയം ഒരുകുടുംബമാവുകയാണ്. ഭേദങ്ങളേതുമില്ലാതെ ഒരുമിച്ചു പാടുന്ന ഒരു ഗാനത്തിന്റെ ശ്രുതിമധുരം പോലെ രചനകളുടെ കടിച്ചേരലുണ്ടിവിടെ. ഈ കുഞ്ഞു തൂവലെടുത്തു കൊള്ളുക ഞങ്ങളിവിടെ ഉണ്ടായിരുന്നുവെന്നതിൻ സാക്ഷ്യമായ്....

# താളുകളിൽ


| | |
|---|---|
| 1 | ചിറക്കരസ്കൂൾ ചരിത്രവഴികൾ |
| 2 | വിസ്മയങ്ങളുടെ താഴ് വാരത്തേക്ക് |
| 3 | കണ്ണുവം ഏകദിന ക്യാമ്പ് |
| 4 | പ്രളയം നമുക്ക് നൽകിയ പാഠം |
| 5 | നവകേരള നിർമ്മിതിയും നവമാധ്യമവും |
| 6 | ചേച്ചിയുണ്ടായിരുന്നെങ്കിൽ |
| 7 | പുഴതൻ ചുടുകണ്ണീർ |
| 8 | Meadow Surprises |
| 9 | അന്ധതയിൽ നിന്ന് ശബ്ദലോകത്തേക്ക് |
| 10 | നനുത്ത ഓർമ്മകളിൽ റാണീപുരം |
| 11 | ബാല്യകാലം |
| 12 | ചിത്രങ്ങൾ |



# ചിറക്കര സ്കൂൾ ചരിത്ര വഴികൾ

-രാജേഷ്.കെ.കെ

അക്ഷര ചരിത്രത്തിൻെറ നാൾ വഴിയിൽ വില മതിക്കാനാവാത്ത സംഭാവനകൾ ലോകത്തിന് സമ്മാനിച്ച തലശ്ശേരിയുടെ വിദ്യാഭ്യാസരംഗത്ത് എൺപതിലേറെ വർഷത്തെ പാരമ്പര്യമുള്ള വിദ്യാലയമാണ് ഗവൺമെൻെറ് വൊക്കേഷണൺ ഹയർ സെക്കൻെററി സ്കൂൾ ചിറക്കര.

1940 കൾക്ക് മുമ്പ് ഒരു സ്വകാര്യ വ്യക്തി തലശ്ശേരി കൊട്ടുവള്ളിക്ക് സമീപം നടത്തിവന്ന 'താഴത്തേടുത്ത് സ്കൂൾ' എന്ന പേരിലായിരുന്ന വിദ്യാലയമാണ് ഇന്നത്തെ ചിറക്കത സ്കൂളിൻെറ പൂർവ്വ സ്ഥാനീൻ എന്നു പറയാം. സ്വകാര്യ വ്യക്തിയിൽ നിന്നു 1945 കാലഘട്ടത്തിലാണ് വിദ്യാലയത്തെ തലശ്ശേരി മുനിസിപ്പാലിറ്റി ഏറ്റെടുക്കുന്നത്. അന്ന്കൊടുവള്ളി മിഡിൽ സ്കൂൾ എന്ന പേരിലാണ് സ്ഥാപനം അറിയപ്പെട്ടിരിക്കുന്നത്. അക്കാലത്ത് ആദ്യകാല അദ്ധ്യാപക അവാർഡ് ജേതാവും മറ്റ് നിലകളിൽ പ്രശസ്തനുമായ കെ. രൈരു നായർ വിദ്യാലയത്തിൻെറ പ്രധാനദ്ധ്യാപകനായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. നഗരസഭ ഏറ്റെടുത്തതോടെ

മുൻസിപ്പൽ മിഡിൽ സ്കൂൾ എന്ന പേരിൽ ഈ വിദ്യാലയം അറിയപ്പെട്ടു. തുടർന്ന് അതികം താമസിയാതെ പേര് തലശ്ശേരി മുൻസിപ്പൽ ഹൈസ്കൂൾ എന്നായി. സൗകര്യ കുറവ് കാരണം 1950 ആണ് വിദ്യാലയം തലശ്ശേരി ബിഷപ്പ് ഹൗസ്സിന് സമീപമുള്ള യൂറോപ്യൻ ക്ലബ് കെട്ടിടത്തിലേക്ക് മാറിയത്. തുടർന്ന് പത്ത് വർഷത്തോളം യൂറോപ്യൻ ക്ലബ് കെട്ടിടത്തിൽ പ്രവർത്തിച്ചു വന്ന സ്കൂൾ 1960 ലാണ് കെട്ടിടത്തിൻെറ ശോച്യാവസ്ഥ പരിമിതി തുടങ്ങിയ കാരണങ്ങളാൽ ഇപ്പോൾ പ്രവർത്തിച്ചു വരുന്ന തലശ്ശേരി കൂത്തു പറമ്പ് സമീപത്തുള്ള ചിറക്കരയിലേക്ക് മാറിയത്.

ഈ കാലയളവിൽ തലശ്ശേരി മുൻസിപ്പൽ ഹൈസ്കൂൾ എന്ന പേരിൽ അറിപ്പെട്ടിരുന്ന വിദ്യാലയം ഇടക്കാലത്ത് മുൻസിപ്പൽ സെക്കൻെററി സ്കൂൾ എന്നും 1957 ൽ പൂർണ്ണമായും സർക്കാർ ഏറ്റെടുത്തതോടെ ഗവ. സെക്കൻററി സ്കൂൾ എന്ന പേരിലും അറിപ്പെടാൻ തുടങ്ങി. തുടക്കത്തിൽ പ്രൈമറി വിഭാഗം മുതൽ പത്താം തരം വരെ പ്രവർത്തിച്ചു വന്നിരുന്നെങ്കിലും ഇടക്കാലത്ത് പ്രൈമറി വിഭാഗം നഷ്ടപ്പെടുകയുമാണ് ഉണ്ടായത്.

1948 ൽ ബ്രണ്ണൻ കോളേജ് ഫസ്റ്റ് ഗ്രേഡ് കോളേജായി ഉയർത്തപ്പെട്ടപ്പോൾ ഇൻറർ മീഡിയറ്റ് ക്ലാസുകളോടെ ചേർന്നിരുന്ന ബ്രണ്ണൻ കോളേജ് ചിറക്കരയിലേക്ക് മാറിയതുമുതലുമാണ് യഥാർത്ഥത്തിൽ ചിറക്കരയിൽ ഒരു സ്കൂളിൽ തുടക്കമിടുന്നത്. പക്ഷെ, 1958 ൽ ബ്രണ്ണൻ കോളേജ് തലശ്ശേരിയിൽ നിന്ന് ധർമ്മടത്തേക്ക് മാറിയതോടെ ചിറക്കരയിൽ പ്രവർത്തിച്ചു വരുന്ന ബ്രണ്ണൻ ഹൈസ്കൂളിനെ വീണ്ടും അതിൻെറ പൂർവ്വ സ്ഥാനത്തേക്ക് മാറ്റി. ആ സമയത്ത് ചിറക്കരയിൽ ഒഴിഞ്ഞു കിടന്നിരുന്ന കെട്ടിടത്തിലേക്കാണ് 1960 ൽ മുൻസിപ്പൽ ഹൈ സ്കൂൾ മാറ്റപ്പെട്ടത്. തുടർന്ന് സ്കൂളിൻെറപേര് ഗവൺമെൻറ് ഹൈ സ്കൂൾ ചിറക്കര എന്നായി മാറി. ഈ കാലഘട്ടത്തിൽ പത്താം ക്ലാസ്സ് വരെ പ്രവർത്തിച്ചു വരുന്ന ഈ വിദ്യാലയത്തിൽ ആയിരത്തി നാനൂറിലധികം വിദ്യാർഥികൾ പഠിച്ചിരുന്നു എന്നാണ് രേഖയിൽ കാണാൻ കഴിയുന്നത്. നഗരത്തിൽ ഏറ്റവും കൂടുതൽ കുട്ടികൾ പഠിച്ചിരുന്ന സ്കൂളായിരുന്നു ഗവൺമെൻറ് ഹൈസ്കൂൾ ചിറക്കര. നിലവിൽ ഹൈസ്കൂൾ വിഭാഗത്തിൽ എട്ട്, ഒൻപത്, പത്ത് ക്ലാസ്സുകളിലായി മലയാളം ഇംഗ്ലീഷ് മീഡിയം ബാച്ചുകൾ പ്രവർത്തിച്ചു വരുന്നു.

1991-92 വരെ അക്കാദമിക വർഷത്തിലാണ് വിദ്യാലയത്തിൽ വൊക്കേഷണൽ ഹയർ സെക്കൻററി വിഭാഗം അനുവദിക്കപ്പെട്ടത്. തുടക്കത്തിൽ ഡാറ്റാ പ്രൊസസിംഗ് ആൻറ് കൺസോൾ ഓപ്പറേഷൻ എന്ന കോഴ്സാണ് ഉണ്ടായിരുന്നത്.വി.എച്ച്.എസ്സിവിഭാഗം ആരംഭിക്കപ്പെട്ടതോടെയാണ് സ്ഥാപനത്തിൻെറ പേര് ഗവൺമെൻറ് വൊക്കേഷണൽ ഹയർസെക്കൻററി സ്കൂൾ ചിറക്കര എന്ന് രേഖപ്പെടുത്താൻ തുടങ്ങിയത്. നിലവിൽ മെഡിക്കൽ ലബോറിറ്ററി ടെക്നോളജി, ഓട്ടോമൊബൈൽ ടെക്നോളജി, അക്കൗണ്ടിങ്ങ് ആൻറ് ടാക്സേഷൻ, കമ്പ്യൂട്ടർ സയൻസ് ആൻറ് ഇൻഫോർമേഷൻ

ടെക്നോളജി(രണ്ട് ബാച്ചുകൾ) തുടങ്ങി നാല് കോഴ്സുകളായ് മുന്നൂറ് വിദ്യാർഥികൾ ഈ വിഭാഗത്തിൽ പഠിച്ചുവരുന്നു.

2005 – 06 അക്കാദമിക് തുടക്കത്തിലാണ് വിദ്യാലയത്തിൽ ഹയർ സെക്കൻററി വിഭാഗം ആരംഭിക്കുന്നത്. ബയോളജി, കമ്പ്യൂട്ടർ സയൻസ് എന്നീ ഓപ്ഷനുകളായുള്ള രണ്ട് ബാച്ചുകളും ഒരു കൊമേഴ്സ് ബാച്ചും ഹയർസെക്കൻററി നിലവിലുണ്ട്. മുന്നൂറ്ററുപത് വിദ്യാർഥികളാണ് ഈ വിഭാഗത്തിൽ പഠിച്ചുവരുന്നത്. ഹൈസ്കൂൾ വിഭാഗത്തിൽ കഴിഞ്ഞ എട്ടു വർഷമായി തുടർച്ചയായി നൂറു ശതമാനം വിജയം കൈവരിക്കാൻ ഈ സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ട്. ഹയർ സെക്കൻററി, വൊക്കേഷണൽ ഹയർ സെക്കൻററി വിഭാഗത്തിൽ വിജയം ഏതാണ്ട് എൺപത്തഞ്ച് ശതമാനത്തിന് മുകളിലാണ്.

സാമ്പത്തികമായും സാമൂഹികമായും മുന്നോക്കം നിൽകുന്ന കുടുംബങ്ങളിലെ കുട്ടികൾ പഠിക്കുന്ന തലശ്ശേരി സൗത്ത് സബ് ജില്ലയിലെ മറ്റ് സ്കൂളുകളിൽ നിന്നും വ്യത്യസ്തമായി പാർശ്വവൽക്കരിക്കപ്പെട്ടുനിൽക്കുന്നവരുടെയും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെയും മക്കളാണ് ചിറക്കര സ്കൂളിൽ പഠിക്കുന്നത്.

പാഠ്യേതര പ്രവർത്തനങ്ങളുടെ കാര്യത്തിലും തലശ്ശേരി സൗത്ത് ഉപജില്ലയിലെ നിറ സാന്നിധ്യമാണ് ചിറക്കര സ്കൂൾ. സ്കൂൾ കായിക മേള , കലാ മേള, ശാസ്ത്രോത്സവം എന്നിവയിൽ ഹയർ സെക്കൻററി വിഭാഗത്തിൽ നിരവധി തവണ ചാമ്പ്യൻഷിപ്പ്, റണ്ണറപ്പ് തുടങ്ങിയ സ്ഥാനങ്ങൾ കൈവരിക്കാൻ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. ഹയർ സെക്കൻററി വിഭാഗത്തിൽ ലഹരി വിരുദ്ധ ബോധവത്കരണത്തിനായി യുവവിമുക്തി ക്ലബ് എന്നിവ മാതൃകാ പരമായി പ്രവർത്തിച്ചിരുന്നു. നിലവിൽ അധ്യാപക അനധ്യാപക തസ്തികയിൽ ജോലി ചെയ്യുന്നവരുൾപ്പെടെ ഏഴ് താൽക്കാലിക ജീവനക്കാരും സ്ഥാപനത്തിൽ പ്രവർത്തിച്ചു വരുന്നു.

# വിസ്മയങ്ങളുടെ താഴ് വാരത്തേക്ക്

യാത്രാവിവരണം

ജ്യോതിക രാജേഷ്

രാവിലെ പത്തരയോട്ടു കൂടി ഞങ്ങൾ ആറു പേരും ടീച്ചറും പുറപ്പെട്ടു. ആദ്യം ട്രെയിൻ യാത്ര. തലശ്ശേരി റെയിൽവേ സ്റ്റേഷനിൽ നിന്നും ട്രെയിനിൽ കയറി. കാഞ്ഞങ്ങാട് ഇറങ്ങി. ജനൽ കമ്പികൾക്കിടയിലൂടെ പുറം കാഴ്ചകൾ കണ്ടാസ്വദിക്കുന്ന മനസ്സിലൂടെ പെട്ടെന്നെന്തൊക്കെയോ മിന്നിമറിഞ്ഞു. അതെ, അത് റാണീപുരത്തെ കുറിച്ചുള്ള സങ്കൽപ ചിത്രങ്ങളായിരുന്നു. കാട്ടുകളിൽ താമസിക്കുന്ന ആദിവാസി മനുഷ്യർ. അവരുടെ ഭാഷകേട്ട് കൗതുകപൂർവ്വം ഉറ്റുനോക്കുന്ന ഞങ്ങൾ. രാത്രിയിൽ പേടിപ്പെടുത്തും വിധം ആനയുടെ ചിന്നം വിളി. സൂര്യപ്രകാശം അകത്തെത്താത്തവിധം ചുറ്റിലും നിറയെ മരങ്ങൾ. കാട്ടുമൃഗങ്ങൾ.ഇങ്ങനെ നീളുന്നു സങ്കൽപ്പങ്ങൾ......
ഞങ്ങളെ കാഞ്ഞങ്ങാടിറക്കി ട്രെയിൻ മുന്നോട്ടേക്ക് കുതിച്ചു. സ്റ്റേഷനിലെ ചെറിയൊരു സീറ്റിലിരുന്ന് ഭക്ഷണം കഴിച്ചത് വളരെ രസകരമായിരുന്നു. ബസ്സ് സ്റ്റോപ്പിലേക്ക് നടക്കാൻ തുടങ്ങി.

ബസ്സ് വന്നു. ഞങ്ങൾ ബാഗും മറ്റും എടുത്ത് ബസ്സിൽ കയറി. ബസ്സ് മലയുടെ ചെരുവിലൂടെ മരങ്ങൾക്കിടയിലൂടെ മുന്നോട്ടേക്ക് പാഞ്ഞു.നന്നായി കാറ്റടിച്ചതു കൊണ്ടാണോ എന്നറിയില്ല ഞാൻ മെല്ലെ മയങ്ങിപ്പോയി. പിന്നീട്മുകളിലേക്ക് കയറുമ്പോൾ തണുപ്പ് കൂടിക്കൂടി വന്നു. പല പേരിലുള്ള റിസോട്ടുകൾ . ഒടുവിൽ റാണീപുരം എന്ന റിസോർട്ട് ദൃശ്യമായി. കണ്ടപ്പോൾ തന്നെ ഇതായിരിക്കണമെ ഞങ്ങളുടെ റിസോർട്ട് എന്ന് എൻെറ മനസ്സ് ആഗ്രഹിച്ചു. പെട്ടെന്ന്, ബസ്സ് നിർത്തി. ആ റിസോർട്ടിൽ തന്നെയാണ് ഞങ്ങളുടെ താമസം എന്നറിഞ്ഞപ്പോൾ വളരെ സന്തോഷമായി. അതുതന്നെയായിരുന്നു റാണീപുരത്തെ അവസാനത്തെ റിസോട്ട്.ഞങ്ങളിറങ്ങി.

റാണീപുരം...................................
മലബാറിൻെറ ഊട്ടി എന്നറിയപ്പെടുന്ന റാണീപുരം ജൈവവൈവിധ്യങ്ങളുടെ കലവറയാണ്. ചെറിയ തണുപ്പുണ്ടായിരുന്നു. ഞങ്ങൾ മുറികളിലെത്തി. ചുറ്റും നോക്കി. ആരും പറഞ്ഞു പോകും പോലെ ഞാനും പറഞ്ഞു നല്ല സൗകര്യമുള്ള മുറി.

യാത്രാക്ഷീണം കൊണ്ട് ക്ഷീണിച്ചവശരായ ഞങ്ങൾ ഭക്ഷണം കഴിച്ചു. പിന്നീട് പത്മനാഭൻ മാഷും ആനന്ദ് മാഷും അറിഞ്ഞിരിക്കേണ്ട ചില കാര്യങ്ങൾ പറഞ്ഞു തന്നു. ജീവിതത്തിൽ സ്വന്തം മനോഭാവത്തിനും സന്തോഷത്തിനുമാണ് പ്രധാന്യം കൊടുക്കേണ്ടതെന്ന് ഓർമ്മിപ്പിച്ചു. അദ്ദേഹം തവളകളെ ഇഷ്ടപ്പെടാനുള്ള കാരണം പറഞ്ഞ് തന്നു. പലരും തവളകളെ ഇഷ്ടപ്പെടാത്തത്

അവയുടെ വഴക്കലുകൾ കാരണമാണ്. ഈർപ്പവും പച്ചപ്പും കൂടിച്ചേരുമ്പോഴാണ് വഴക്കലുകൽ ഉണ്ടാകുന്നത്. ഇത് കേട്ട് കഴിയുമ്പോൾ തന്നെ അപ്പോൾ എന്തുകൊണ്ട് നമുക്ക് തവളകളെ ഇഷ്ടപ്പെട്ടു കൂടാ എന്ന ചോദ്യം മനസ്സിലേക്ക് കടന്നു വരും. ജോസഫ് ബ്രൂസ്ചാക്കിൻെറ ' എൻെറ മുത്തശ്ശൻ' എന്ന തവളകളുടെ അതിമനോഹരമായ കവിത പറഞ്ഞു തന്നപ്പോൾ അതിൻ നിന്ന് നല്ല സന്ദേശവും കിട്ടി. എല്ലാ ജീവജാലങ്ങൾക്കും മുന്നോട്ട് പോകേണ്ടതുണ്ട്. അവരുടെ വഴി തടയരുത്.

അടുത്ത ദിവസം രാവിലെ കൊട്ടും തണുപ്പിനെ അവഗണിച്ച് എഴുന്നേറ്റു. തണുത്ത മഞ്ഞിലൂടെ നടക്കുമ്പോഴുണ്ടാകുന്ന സുഖം മറ്റെവിടയും കിട്ടില്ലെന്നറിയാമായിരുന്നു. ചൂള കാക്കയുടെ ചൂളം വിളി കാതിൽ പരന്നു. എത്ര മനോഹരമാണ് ഈ പ്രകൃതി. പക്ഷിനിരീക്ഷണത്തിനിറങ്ങിയപ്പോൾ തന്നെ കുറെ പക്ഷികൾ അവയുടെ ഹോട്ടലായ പൂക്കൾക്കു ചുറ്റും ഉണ്ടായിരുന്നു. ഇരട്ടത്തലച്ചി ബുൾബുൾ, നാട്ടു ബുൾബുൾ, നാട്ടിലക്കിളിഎന്നിവയാണ് ആദ്യം ഞങ്ങളെ വരവേറ്റത്. തീയുടെ നിറത്തിലുള്ള തീക്കുരുവിയും ഞങ്ങൾക്കു മേലെ പറന്നു പോയി. കുട്ടുവനും ചെമ്പുകൊട്ടിയും മത്സരിക്കുന്നതു പോലെ പാട്ടു പാടി. പക്ഷികളുടെ ലോകത്തെ 29 ഓളം പേരെ ഞങ്ങൾ കണ്ടു. തിരിച്ചു വന്ന് റാണീപുരം ഹിൽ ടോപ്പിൽ പോകാൻ തയ്യാറായി. മുകളിൽ എത്തുന്നതു വരെ ഓരോ മരത്തേയും പരിചയപ്പെട്ടു. ജലം ശുദ്ധീകരിക്കുന്ന ആനവിരട്ടിയും ചേറുമരവും അതിൽ പ്രധാനിയായിരുന്നു. അപ്രതീക്ഷിതമായി കാസർഗോഡ് കലക്ടർ സുചിത് സാറിനെയും കണ്ടു.

മരങ്ങൾ വിരിച്ച പുതപ്പിനടിയിലൂടെ നടക്കാൻ ഞങ്ങൾ മത്സരിച്ചു. കാട് കഴിഞ്ഞാൽ പിന്നെ പുൽമേടുകൾ. അവിടെ നല്ല വെയിലായിരുന്നു. എങ്കിലും കാറ്റ് ഊർജ്ജം തന്നു. അവസാനം ആമപ്പാറയുടെ മുകളിൽ കയറി ഇരുന്നു. ഒരു വലിയ പാറ. അതിന് ആമയുടെ രൂപം. അത് ഞങ്ങളുടെ വരവും കാത്തിരുന്നതുപോലെ തോന്നി. ആളുകളെ അതിൻെറ പുറത്തിരുത്തി കൊണ്ട് കാഴ്ചകൾ കാണിച്ചു കൊടുക്കുന്നു. എല്ലാം ആസ്വദിച്ചിറങ്ങി. രാത്രി കടലാമകളെയും പക്ഷികളെയും കുറിച്ചുള്ള ക്ലാസ്സുണ്ടായിരുന്നു. കൂടുതൽ പക്ഷികളെ ശശിധരൻ സർ പരിചയപ്പെടുത്തി. എന്നാൽ അവയൊക്കെ നമുക്ക്ചുറ്റുള്ളവ തന്നെയായിരുന്നു. സാറിൻെറ ക്ളാസ് എന്നി ൽപക്ഷിനിരീക്ഷണത്തിൻെറ തിരികൊളുത്തി ഏഴിനം ആമകളെ പരിചയപ്പെട്ടു. ആമകള പറ്റിയുള്ള അറിവും പുതിയതായിരുന്നു. ലക്ഷക്കണക്കിന് ആമകൾ മുട്ടയിടുന്ന 'അരിബാഡ' ഒന്ന് കാണാൻ പോലും തോന്നി.

പിറ്റേന്ന് ഉച്ചയ്ക്ക് വീട്ടിലേക്ക് തിരിച്ചു. എൻെറ സ്കൂളിൽ നിന്നും അവിടേക്ക പോയ ഞങ്ങൾ ആറു പേരും വളരെ ഭാഗ്യവാന്മാരാണ്. കാരണം, ' റാണീപുരം'........ അത് പ്രകൃതിയുടെ നേർക്കാഴ്ചകളാണ് കാട്ടി തന്നത്.

.

# കണ്ണവം ഏകദിന ക്യാമ്പ്

-ഷിഫിൻ

ഞങ്ങളുടെ ഈ വർഷത്തെ ഏകദിന ക്യാമ്പ് കണ്ണവം കാട്ടിലായിരുന്നു.നാൽപ്പത്തിമൂന്ന് കുട്ടികളും ടീച്ചേഴ്സും ചേർന്ന് എട്ടരയോടെ പുറപ്പെട്ടു ഏകദേശം പത്ത് മണിയോടെ കണ്ണവം റെയ്ഞ്ച് ഓഫീസിലെത്തി. അവിടെ നിന്ന് ഭക്ഷണം കഴിച്ച്

ഹാളിലേക്ക് പോയി . ശശിധരൻ സാറായിരുന്നു ക്ലാസ് കൈകാര്യം ചെയ്തത്. കണ്ണവം റെയ്ഞ്ച് ഓഫീസർ വർഗീസ് സർ കൂട്ടിനുണ്ടായിരുന്നു. ഞങ്ങൾ യാത്ര തുടങ്ങി പ്രകൃതിയിലേക്ക്........

ഒരു തോട്ടം കടന്ന് കാട്ടിൻെറ ഉള്ളിലേക്ക് നടന്നു. അവിടെ ഇരുന്നു,എന്ത് തണുപ്പായിരുന്നു? അദ്ദേഹം ഒരു മുനിയുടെ കഥ പറഞ്ഞു. കഥ കഴിഞ്ഞ് കാട്ടിൻെറ ധർമം , കാട് എന്നാലെന്ത് ? കാട് സംരക്ഷിക്കേണ്ടതിൻെറ ആവശ്യകത ഒക്കെ പറഞ്ഞു തന്നു. ഞങ്ങൾ കുറച്ചു സമയം കണ്ണടച്ചിരുന്നു .ചുറ്റുമുള്ള പക്ഷികളുട ശബ്ദം ആസ്വദിച്ചു. പല പക്ഷികളുടെ ശബ്ദം ഞാൻകേൾക്കാനിടയായി. പിന്നെ ഒരു വേട്ടക്കാരൻെറ കഥ പറഞ്ഞു. കഥ തീർന്ന് ഞങ്ങൾ വീണ്ടും യാത്രപോകുന്ന വഴിയിൽ കണ്ട മരങ്ങൾ ഏതാണെന്നും അവയുടെ പ്രയോജനം എന്നിവയും പറഞ്ഞു തന്നു. വീട്ടി, ചേര്, തേക്ക്, മഹാഗണി, താന്നി തുടങ്ങിയവയാണ് ആ മരങ്ങൾ. തേക്കിൻ തോട്ടവും അവയ്ക്ക് ചുറ്റുമുള്ള ഫയർ ലൈനും കണ്ടു. പിന്നെ ഒരു റോഡിനരികിൽ ഇരുന്നു. അദ്ദേഹം ഒരു മാഷിൻെറയും രാജവെമ്പാലയുടെയും കഥ പറഞ്ഞു തന്നു. പിന്നെ ഇത്തിളിനെയും ഇത്തിൾക്കണ്ണിക്കുരുവിയെയും കുറിച്ച് അറിയാൻ സാധിച്ചു. ശേഷം ഞങ്ങൾ റെയ്ഞ്ച് ഓഫീസിലേക്ക് മടങ്ങി. ഉച്ചഭക്ഷണം കഴിച്ചതിനു ശേഷം ഹാളിൽ പോയിരുന്നു. അവിടെ നിന്ന് ഞങ്ങൾക്ക് സ്ളൈഡ് ഉപയോഗിച്ചു കൊണ്ട് പലതരം പക്ഷികളെ പരിചയപ്പെടുത്തി. അതിൽ മിക്ക പക്ഷികളുടെയും പാട്ട് അദ്ദേഹം കേൾപ്പിച്ചു തന്നു. നല്ല ക്ലാസ്സായിരുന്നു. ഞങ്ങൾക്ക് ക്ലാസ്സെടുത്ത് തന്ന ശശിധരൻ സാറിനും കൂടാതെ ഞങ്ങളുടെ കൂടെ വന്ന റെയ്ഞ്ചോഫീസർ വർഗീസ് സാറിനും നന്ദി രേഖപ്പെടുത്തുന്നു . ഈ ക്യാമ്പിന് വന്ന ഒരു കുട്ടിയും ഒരു ചെടിയെപ്പോലും നുള്ളി നോവിക്കാൻ ആഗ്രഹിക്കില്ല.

# പ്രളയം നമുക്ക് നൽകിയ പാഠങ്ങൾ

സഞ്ജന. പി

കേരളത്തെ ആകെ ആട്ടിയുലച്ച സംഭവമായിരുന്നു 2018 ലെ പ്രളയം. ഇതിൽ കുറേയേറെ പേരുടെ ജീവൻ നഷ്ട്ടമായി. കുറേ കുടുംബങ്ങൾക്ക് അത്താണിയില്ലാതായി. എല്ലാവരും വെറുക്കുന്ന ഒരു വർഷമായി രണ്ടായിരത്തി പതിനെട്ട് മാറി. ഇത്രയും കാലം മനുഷ്യൻ ഭൂമിയോട് ചെയ്ത ക്രൂരതകൾക്ക് ഫലമായി. ഈ പ്രളയം മനുഷ്യർ തമ്മിലുള്ള സ്നേഹം എന്തെന്ന് മനസ്സിലാക്കി തന്നു. 2018 ൽ നമ്മൾ കുറേ കാര്യങ്ങൾ പഠിച്ചു. ഈ വർഷം ഞങ്ങൾക്ക് കൂടുതൽ ദുഖങ്ങളാണ് സമ്മാനിച്ചത്.

പ്രളയ സമയത്ത് ഏവരേയും സഹായിക്കാനെത്തിയത് മത്സ്യത്തൊഴിലാളികളും വ്യോമസേനയുമാണ്. രാപകൽ ഭേദമില്ലാതെ അവർ പ്രവർത്തിച്ചു. പ്രളയം നമ്മെ പഠിപ്പിക്കുന്നത് സമ്പത്തല്ല പരസ്പര സ്നേഹം കാത്തുസൂക്ഷിക്കണം എന്നാണ്.

അധിക ജില്ലകളും ഒറ്റപ്പെട്ടു പോയ നാളുകളാണ് ഓഗസ്റ്റ്- 15 മുതൽ കേരളം അനുഭവിച്ചത്.

ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ എന്ന ബോധമില്ലാതെ എല്ലാവരും ഒരുമിച്ച് ഭക്ഷണം കഴിക്കുകയും ഒരു കുടക്കീഴിൽ ദിവസങ്ങളോളം കഴിയുകയും ചെയ്തു. എല്ലാവർക്കും കുറേ പ്രശ്നങ്ങൾ തരണം ചെയ്യേണ്ടി വന്നു. ഇവർക്കെല്ലാം കൈത്താങ്ങായി പ്രവാസികളും ഉണ്ടായിരുന്നു. ഈ ലോകത്തോട് തന്നെ നാം നന്ദി പറയേണ്ടിയിരിക്കുന്നു.

എന്തെങ്കിലും പ്രശ്നങ്ങൾ വരുമ്പോഴാണ് നാം എല്ലാവരുടെയും വില മനസ്സിലാക്കുക. പ്രളയത്തിനു ശേഷം വീടുകൾ വൃത്തിയാക്കി കൊടുക്കാൻ പലരും ദൂരസ്ഥലങ്ങളിൽ നിന്ന് എത്തിച്ചേർന്നു. പരസ്പരസഹായത്തിൻെറ വിലയും പരസ്പര സ്നേഹത്തിൻെറ വിലയും നാം ഇതിലൂടെ തിരിച്ചറിഞ്ഞു.

ഇത്രയും കാലം ഭൂമി അനുഭവിച്ച വേദനകൾക്ക് ഫലമായാണ് ഈ പ്രളയം. ഇനിയെങ്കിലും ഭൂമിയെ സംരക്ഷിച്ചും പരിചരിച്ചും വളരുക. നമ്മുടെ മനസ്സിൽ പരസ്പര സ്നേഹവും, മതസൗഹാർദവുമുണ്ടായിരിക്കണം. എല്ലാവരും ഒന്നാണ്

ജി. വി. എച്ച്. എസ്. എസ് ചിറക്കര

എന്ന് മനസ്സിലാക്കുക. പുതിയ തലമുറയ്ക്ക് നൽകാൻ നല്ലൊരു കേരളമായി ദൈവത്തിൻെറ സ്വന്തം നാട് എന്ന് വീണ്ടും അറിപ്പെടണം. എപ്പോഴും പരസ്പരസ്നേഹവും സഹായവും നമ്മുടെ കൈക്കുമ്പിളിൽ കാത്തു സൂക്ഷിക്കണം. മലയാളികൾ ആ ഭയമാർന്ന നിമിഷങ്ങളിൽ നിന്നും കരകയറിവന്നുകൊണ്ടിരിക്കുകയാണ്. ജീവിതം തിരികെ ലഭിച്ചതിൻെറ സന്തോഷമാർന്ന പുഞ്ചിരി മനസ്സിൽ വിടരാനായി കാത്തിരിക്കാം.

# നവ കേരള നിർമ്മിതിയും നവ മാധ്യമങ്ങളും

ആധുനിക യുഗത്തിൻെറ ഓരോ മുന്നേറ്റങ്ങളും അത് പൊതു സമൂഹത്തിൽ ശ്രദ്ധേയമാവുന്നത് മാധ്യമങ്ങളുടെ സാന്നിധ്യത്തിലാണ്. ഇന്നീ കാണുന്ന നമ്മുടെ സമൂഹത്തിൻെറ ഓരോ ഉയർച്ചയ്ക്കും താഴ്ച്ചയ്ക്കും മാധ്യമങ്ങൾക്ക് കൃത്യമായ പങ്കുണ്ട്. നവ മാധ്യമങ്ങളുടെ പൊതുവായ ഒരു സവിശേഷത അവയെന്തും തുറന്നു പറയുന്നു. പറയുവാനുള്ള കാര്യങ്ങൾ ഒരു വ്യക്തിയെക്കൊണ്ടോ ഒരു സമൂഹത്തെ കൊണ്ടോ ആവട്ടെ എന്തും അവയ്ക്ക് മുന്നിൽ ഒരുപോലെയാണ്. ഇത്തരത്തിൽ തുറന്നു പറയാറുള്ള പല കാര്യങ്ങളും പൊതു സമൂഹത്തിലേറെ ചർച്ചചെയ്യപ്പെടുന്ന വിഷയങ്ങളാണ്.

സമൂഹമാധ്യമത്തിന് മുന്നിൽ ഒരുപാട് വെല്ലുവിളികൾ നേരിടേണ്ടി വന്ന അനേകം സന്ദർഭങ്ങൾ നമുക്ക് പരിചിതമാണ്. ഈയിടെ പരിചിതമായ ഒരു സംവാദം ശബരിമലയിലേക്കുള്ള സ്ത്രീദർശനമാണ്. ഇതിന് നേരെ ഉന്നയിക്കാൻ ചോദ്യങ്ങളേറെയായിരുന്നു. ഇത്തരത്തിൽ പൊതു സമൂഹത്തിൻെറ ഓരോ നിലപാടിനെയും ചോദ്യം ചെയ്യുന്നത് സ്വന്തം നിലയിലെല്ല ഒരു സമൂഹത്തിൻെറ അഭിപ്രായം എന്ന നിലയിലാണ്. അത്തരത്തിൽ ഒരു സമൂഹത്തിൻെറ ആവശ്യങ്ങൾ നിറവേറ്റുന്നതിനെ മാധ്യമങ്ങൾക്ക് വലിയ പങ്കുണ്ട്. ശബരിമല സ്ത്രീദർശനത്തെ അവഗണിക്കുകയല്ല, മറിച്ച് അവയോട് താൽപര്യം പ്രകടിപ്പിക്കുന്നുമില്ല കാരണം, പൊതു സമൂഹത്തിൽ ഒരു വിഭാഗം അംഗീകരിക്കാൻ മടിക്കുന്നതും, എന്നാൽ ഒരു വിഭാഗത്തിൻെറ ആവശ്യവുമാണിത്. ഇതിൽ കൃത്യമായ ഒരു നിലപാടില്ല. എന്നാൽ, നവ മാധ്യമങ്ങൾ ഇതിനെതിരെ അഭിപ്രായങ്ങൾ പങ്കുവയ്ക്കുന്നുമുണ്ട്. എല്ലാകാര്യങ്ങൾക്കും ഇതേപോലെ അഭിപ്രായങ്ങൾ സ്വീകരിച്ചു. സ്ത്രീസ്വാതന്ത്ര്യത്തെ തന്നെ ഒരു ഉദാഹരണമായി സങ്കൽപ്പിക്കാം. ഒരു കാലത്ത് പൊതു സമൂഹത്തിന് ശ്രദ്ധേയമായ ഒരു ചർച്ചയായിരുന്നു ഇത്. അന്നുമിതിനെതിരെ അല്പമെങ്കിലും വെല്ലുവിളികൾ ഉയർന്നിരുന്നു. ഇത്തരത്തിൽ ഒരു സമൂഹത്തിൻെറ ആവശ്യങ്ങൾ എന്താണൊ അതാണ് മാധ്യമങ്ങളിലൂടെ ശ്രദ്ധേയമാകുന്നത്. ചില സമയമെങ്കിലും ഇവയ്ക്ക് ശരിയുടെയും തെറ്റിൻെറയും ഭാഗങ്ങളിൽ നിലനിൽക്കേണ്ടി വരുന്നുണ്ട്. എന്നാൽ, ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ അവരുടെ അഭിപ്രായങ്ങൾ വളരെ പ്രശസ്തി ആർജ്ജിക്കുന്നവയാണ്. അടിച്ചമർത്തപ്പെട്ട. ഇതിനെതിരെ ഉയർന്നു കൊണ്ടിരുന്ന വാദഗതികൾക്ക് മുന്നിൽ നവമാധ്യമങ്ങൾ കൃത്യമായ പങ്കു വഹിച്ചതു കൊണ്ടാണ് ഇന്ന് വ്യക്തമായ ഒരു തീരുമാനം രൂപം കൊണ്ടത്. ചില

സമയത്ത് മാധ്യമങ്ങൾക്ക് നേരെയും വെല്ലുവിളികൾ നേരിടേണ്ടി വരുന്നുണ്ട്. ഈ ഭൂമിയിലുള്ള ഏതൊരു പുൽക്കൊടിക്കും അതിൻേറതായ ഗുണവും ദോഷവമുണ്ട്. പൊതുവായി ഏതൊരാവശ്യത്തിനും നിലകൊള്ളാൻ ഉതകുന്ന ഒരു പൊതുവേദിയെ നവമാധ്യമങ്ങളെന്ന നമുക്ക് വിശേഷിപ്പിക്കാം. മാധ്യമങ്ങളിൽ ഉണ്ടാകുന്ന ശരിയുടെയും തെറ്റിൻെറയും ബഹുഭൂരിഭാഗവും പൊതു സമൂഹത്തിൻേറതു തന്നെയാണ്. സമൂഹത്തിൻെറ കാഴ്ച്ചപ്പാട് എന്താണൊ അതിലൊരു ഭാഗമാണ് മാധ്യമം. മാധ്യമങ്ങൾ എന്തിനേരെയെങ്കിലുമൊ കൃത്യമായ തെറ്റ് ആരോപിക്കുന്നുവെങ്കിൽ അത് തീർച്ചയായും നമുക്ക് ശരിയെന്നു നമുക്ക് പറയാം. കാരണം, മാധ്യമത്തിൻെറ ഏകാഭിപ്രായം അല്ല ഒന്നും ഒരു സമൂഹത്തിൻെറ അഭിപ്രായങ്ങളാണ്.

ഓരോ ആവശ്യങ്ങളാണ് നമ്മുടെ നവമാധ്യമത്തിൻെറ ഓരോ ഉയർച്ചയുടെയും അടിത്തറ. അതു കൊണ്ടു തന്നെ ഉയർച്ച താഴ്ച്ചകൾ കൃത്യമായി മനസ്സിലാക്കുകയും അതിനനുവാര്യമായ തരത്തിൽ പ്രവർത്തിക്കാനും നവമാധ്യമങ്ങൾക്ക് മറ്റെന്തിനേക്കാൾ ഏറെയും പ്രസക്തിയുണ്ട്. ഏതൊരു വിഷയത്തിൻെറയും നാനാ ഭാഗങ്ങൾ മനസ്സിലാക്കി കൊണ്ട് മാത്രമെ മുന്നോട്ടുള്ള ഓരോ പടിയും നവമാധ്യമങ്ങൾ സാധ്യമാക്കുന്നുള്ളൂ. ഏതൊരു കാര്യത്തിൻെറയും നന്മ, തിന്മകൾ ബോധ്യപ്പെടുത്താനും, പൊതു സമൂഹത്തിന് ആ ഒരു വിഷയത്തെപ്പറ്റി കൃത്യമായ ധാരണകൾ നൽകാനും നവമാധ്യമങ്ങൾക്ക് പങ്കുണ്ട്. നവമാധ്യമങ്ങൾ പൊതുസമൂഹത്തിൻെറ വേദിയാവാൻ പ്രധാന കാരണം ആവുന്നതും ഇതുകൊണ്ടു തന്നെയാണ്. നവമാധ്യമങ്ങളുടെ കൃത്യമായ മുന്നേറ്റങ്ങളും, അഭിപ്രായ സംവാദവുമാണ് നമ്മിൽ ഇന്നീ ജീവിക്കുന്ന നവകേരളത്തിൽ നിർമ്മിതിയുടെ പ്രധാന അടിവേര്. പൊതു അഭിപ്രായങ്ങൾ സ്വീകരിക്കുന്നുണ്ടെങ്കിലും എല്ലാറ്റിൻെറയും പൊതുവായ ധാരണയിൽ കൃത്യമായി നവമാധ്യമങ്ങൾ വന്നു ചേരുന്നുണ്ട്.

# ചേച്ചിയുണ്ടായിരുന്നെങ്കിൽ

**കഥ**

ദിലാന.കെ

നേരം പുലർന്നുവരുന്നതേയുണ്ടായിരുന്നുള്ളൂ. ഉണ്ണി പതിയേ കണ്ണു തിരുമ്മിക്കൊണ്ട് കോലായിലേക്ക് ഇറങ്ങി വന്നു. എന്തുകൊണ്ടെന്നറിയില്ല മുത്തശ്ശി അവനോടൊന്നും മിണ്ടിയില്ല. അവൻ ഉമിക്കരിയും തോർത്തുമെടുത്ത് കുളക്കടവിലേക്ക് നടന്നു.

ശനിയാഴ്ചയായിരുന്നു. ചേച്ചിയും സാധാരണ ഗതിയിൽ അവനോടൊപ്പം ശനിയാഴ്ചകളിൽ ഉണ്ടാകാറുണ്ടായിരുന്നു. എന്നാൽ ഇന്നലെ അവൽ ഹോസ്റ്റലിൽ നിന്ന് വന്നില്ല. പതിവിന് വിപരീതമായി കുളത്തിലെ കലങ്ങിയ വെള്ളത്തിലെ അവൻ അവൻെറ മുഖം അവ്യക്തമായി കണ്ടു. അവൻ എന്തൊക്കെയോ ചിന്തകളിലാണ്ടു. അവൻ വിചാരിച്ചു ചേച്ചി ഉണ്ടായിരുന്നെങ്കിൽ. മുത്തശ്ശിയുടെ പതിഞ്ഞ സ്വരം അവൻെറ കാതുകളിലെത്തി. അവൻ പെട്ടെന്ന് കുളിച്ച് വീട്ടിലേക്ക് മടങ്ങി.

അടുക്കളയിലെ പാത്രങ്ങളുടെ മൂടി അവൻ ഓരോന്നായി തുറന്നു. അവസാനം ഇന്നലത്തെ കഞ്ഞിയുടെ മിച്ചമുള്ളത് അവൻ കണ്ടു. അത് എടുത്ത് കഴിച്ചു. ഉമ്മറത്തിണ്ണയിൽ വന്നിരുന്നു. രാഘവൻ മാഷ് വീടിൻെറ മുൻപിൽ നിന്ന് സുമേച്ചിയുമായ് എന്തൊക്കെയോ സംസാരിക്കുന്നു. മാഷിൻെറ വീട്ടിൽ അവൻ പോയത് ചേച്ചിയുടെ പരീക്ഷാ ഫീസിനു വേണ്ടിയായിരിന്നു. പിന്നെ അവൻ അങ്ങോട്ട് പോയതേയില്ലായിരുന്നു. മുത്തശ്ശി എന്തേ മൂകമായതെന്ന് അവൻ ആലോചിച്ചു. മുറ്റത്തെത്തുന്ന ആളുകളുടെ എണ്ണം കൂടിക്കൂടി വന്നു. അവനാകെ സംശയമായി. എന്തിനാണ് അവരെല്ലാം ഇങ്ങോട്ട് വരുന്നത് എന്ന് മുത്തശ്സിയോട് ചോദിക്കാൻ അവന് ധൈര്യം തോന്നിയില്ല. അവന് എന്തോ ഒരു ഉൾഭയം വന്നു. അവൻ മുറിയിലേക്ക് കയറി. അവിടമാകെ ചേച്ചിയുടെ ഗന്ധംഅനുഭവപ്പെട്ടു. അവൻ മെല്ലെ മയക്കത്തിലേക്ക് വീണു. അപ്പോൾ അവൻ അറിയാതെ തന്നെ അവിടം അയൽക്കാരാൽ നിറഞ്ഞിരുന്നു. പക്ഷെ നിശബ്ദത തെല്ലും തകർന്നില്ല. ആ നിശബ്ദതയിൽ അംബുലൻസിൻെറ കാതടപ്പിക്കുന്ന ശബ്ദം അവൻെറ മയക്കത്തെ ഉണർത്തി. അവനോടി ഉമ്മറത്തെത്തി. മുത്തശ്ശി വിങ്ങിപ്പൊട്ടി. അവനെയും കെട്ടിപ്പിടിച്ച്. ഒന്നുമറിയാതെ അവനും കരഞ്ഞു. അവൻെറ ചേച്ചി ആ സ്ട്രെക്ച്ചറിൽ ഉറങ്ങുന്നു. ഒരിക്കവും ഉണരാത്തൊരുറക്ക്..... സന്ധ്യ മയങ്ങി. വീട് ശൂന്യമായി. മുത്തശ്ശിയുടെ കണ്ണുകളിലിപ്പോഴും ഈറനണിഞ്ഞു കാണപ്പെട്ടു. അവനപ്പോഴും തോന്നി , ചേച്ചി ഉണ്ടായിരുന്നെങ്കിൽ

# പുഴതൻ ചുടുകണ്ണീർ

-അഭിരാം അനിൽ

ആരോ പറയുന്നു എന്നോട്
പ്രണയം കലർന്നൊരാൾ
നിന്നുടെ ദീപ്തമാം വദനമെനിക്ക്
നിർവൃതി നൽകുന്നു.
മാരുതൻെറ ആഗമനത്തോടെ -
നിന്നുടെ  വാസിത മന്ദസ്മിതി തുകുന്ന
ആനനത്തെ ഞാനൊന്നു ചുംബിക്കട്ടെ.
മഴയും കാറ്റും യാത്രയായി,
വേനലിൻകാറ്റ് വന്ന് വറ്റിയെൻ ജീവിതം.
മണ്ണിതിൻ സ്വപ്നംകൊണ്ട് തീർന്നതാ പുഴ
ചുടുകണ്ണീരിൻ ഓർമ്മകൾ മറയുന്നു.
എരിയുന്നു ആ നിമിഷങ്ങൾ.
വറ്റുകയാണോ നിന്നുടെയാ സൗന്ദര്യം.
പുഴയെ നീ മായുമോ
മനസ്സിൻ ആ വേദനമായില്ല
"വറ്റുകയാണോ നിൻ ചുടുകണ്ണീർ...."

# MEADOW SURPRISES

*Poem*

*Anamika Manoj*

Meadows have surprises
You can find them if you look
Walk softly through the velvet grass,
And listen by the brook.

You may see a butterfly
Rest upon a buttercup
And unfold its drinking straws
To sip the nectar up

You may scare a rabbit
who is sitting very still;
Through at first you may not see him,
When he hops you will.

A dandelion whose fuzzy head
Was golden days ago
Has turned to airy parachutes
That flutter when you blow.

Oh! meadows have surprises
And many things to tell
You may discover these yourself;
If you look and listen well

# അന്ധതയിൽ നിന്ന് ശബ്ദലോകത്തേക്ക്

**ജ്യോതിക**

പ്രശസ്ത കഥാകൃത്ത് സാറാതോമസ്സിൻെറ 'സാറാതോമസ്' എന്ന കഥാസമാഹാരത്തിലെ കണ്ണമ്മ എന്ന പെൺകുട്ടിയുടെ ജീവിത കഥ പറയുന്ന മനോഹരമായ കഥയാണ് 'കുപ്പിവളകൾ'.

ആരോരുമില്ലാത്ത കണ്ണമ അനാഥാലയത്തിലാണ് താമസിക്കുന്നത്. ഒരിക്കൽ മഴപെയ്യുമ്പൾ ഉണ്ടാകുന്ന ഇരമ്പൽ തൻെറ കാതുകൾ കൂർപ്പിച്ച് വച്ച് ശ്രദ്ധിക്കുകയായിരുന്നു കണ്ണമ. ഒന്ന് കൈ പുറത്തേക്കിട്ടു നോക്കി മഴയുടെ ശക്തി അറിയാൻ വേണ്ടി. കൈ ആകെ നനഞ്ഞപ്പോൾ അതിശക്തമായ മഴയാണ് പെയ്യുന്നതെന്ന് അവൾ ഉറപ്പിച്ചു.

പൂമുഖത്ത് കാർ ഇരച്ചുവന്ന് നിൽക്കുന്നതും ഡോർശക്തിയായി അടയുന്നതുമായ ശബ്ദം കേട്ടപ്പോൾ അനാഥാലയത്തിൽ ആരോ അതിഥി വന്നിട്ടുണ്ടെന്നും അവൾ മനസ്സിലാക്കി. അങ്ങനെ അതിഥികൾ വന്നാൽ തങ്ങൾ എല്ലാവരും അങ്കണത്തിൽ ഒത്തുകൂടുന്നതും അതിഥികൾ നല്ല കാര്യം പറയുന്നതും അവൾ ഓർത്തു.

പതിവുപോലെ ആരോ അവളുടെ കൈ പിടിച്ച് അങ്ങോട്ടേക്ക് കൊണ്ടു പോയി. തന്നെയെന്നും മുൻനിരയിൽ നിർത്താൻ സിസ്റ്ററമ്മയ്ക്ക് നിർബന്ധമാണ്. അവളെ കുറിച്ച് പറയനും അവർ മറക്കില്ല. പലപ്പോഴും അവരുടെ കൂടെയുള്ളവർ അവരുടെ സംഭാഷണങ്ങളിൽ നിന്ന് അവളെ ഒഴിവക്കാറുണ്ട്. എന്തെങ്കിലും കണ്ണമയെ പറഞ്ഞ് മനസ്സിലാക്കുന്നത് അവളുടെ ദേവൂച്ചേച്ചിയാണ്.

പ്രസംഗം തീർന്നില്ല പക്ഷെ എല്ലാവരും കൈയ്യടിക്കുകയും ആഹ്ലാദപ്രകടനങ്ങൾ ഉണ്ടാക്കുകയും ചെയ്തു. അപ്പോഴാണ് സിസ്റ്ററമ്മ വന്ന അതിഥി അനാഥാലയത്തിലെ എല്ലാവർക്കും പുതുവസ്ത്രങ്ങൾ നൽകാൻ പോകുന്നു എന്ന് പറഞ്ഞത്. ആ സമയത്ത് കണ്ണമ്മ മുമ്പൊരിക്കൽ ഇതുപോലെ എല്ലാവർക്കും പുതുവസ്ത്രങ്ങൾ ഒരു അതിഥി കൊടുത്തതോർത്തു. അതിനോടനുബന്ധിച്ച് അവർക്കിടയിലുണ്ടായ സംഭാഷണങ്ങളും.

അങ്ങനെ കണ്ണമ്മയ്ക്കും പുത്തൻ വസ്ത്രങ്ങൾ കിട്ടി എങ്കിലും അവൾക്കത് കാണാനോ നിറം തിരിച്ചറിയാനോ കഴിയില്ല. പുതി വസ്ത്രങ്ങളും വാങ്ങിച്ച് കണ്ണമയെ ലിസി അവളുടെ സ്ഥാനത്തേക്ക് കൊണ്ട് ചെന്ന് ആക്കുമ്പോൾ വന്ന അതിഥിയെ കുറിച്ചും അവരുടെ സുന്ദരിയായ മകളെ കുറിച്ചുംപറഞ്ഞു. അതിനിടയിൽ ആ കുട്ടിയുടെ കൈയ്യിൽ നിറയെ കുപ്പിവളകളുണ്ടെന്നും പറഞ്ഞു. ദേവൂച്ചേച്ചി പറഞ്ഞു

തന്ന കുപ്പിവളകളെ കുറിച്ചുള്ള ഓർമ്മകൾ കണ്ണമ്മയുടെ മനസ്സിൽ വന്നു. പള്ളിയിലെ കുർബാന സമയത്തുള്ള മണികിലുക്കം പോലെ കിലുങ്ങുന്ന കുപ്പിവളകൾ !

കണ്ണമ്മ കോടി അഴുക്കാക്കാതെ പെട്ടിയിൽ കൊണ്ടു വച്ചു. അപ്പോഴാണ് അപരിചിതനായ ആരോ അവളുടെ കൈയ്യിൽ പിടിച്ചത്. അത് വന്ന അതിഥിയുടെ മകൾ റോസിയായിരുന്നു. റോസി കണ്ണമ്മയുടെ കൈയ്യിൽ കുപ്പിവളകൾ വച്ചു നീട്ടി. കണ്ണമ്മ അത് സന്തോഷത്തോടെ സ്വീകരിച്ചു.

ഈ കഥയിൽ നിന്ന് കണ്ണമ്മ എന്ന അന്ധയായ പെൺകുട്ടി തൻെറ ജീവിതത്തിൽ നേരിടുന്ന പ്രതിസന്ധികൾ നമുക്ക് മനസ്സിലാക്കാം. ശബ്ദമാണ് അവളുടെ ലോകം. എല്ലാം കേട്ട് അവൾ മനസ്സിലാക്കുന്നു. കുപ്പികളോടുള്ള അവളുടെ സ്നേഹവും ഈ കഥയിൽ നിന്ന് വ്യക്തമായി തെളിയുന്നു

# നനുത്ത ഓർമ്മകളിൽ റാണിപുരം

ദിലാന.കെ

നേർത്ത കാറ്റ് വീശുന്നുണ്ടായിരുന്നു. റാണീപുരം എന്ന പ്രദേശത്തിൻെറ അടുത്തെത്തി എന്നതിൻെറ സൂചനയാകാം കാറ്റ്. ഇരുഭാഗത്തും ഇടതൂർന്ന വനങ്ങൾ . ഇളംപച്ചയും കടും പച്ചയും ഇടകലർന്ന്.

നാലരയോടെ റാണിപുരം റിസോർട്ടിലെത്തി. അവിടെ ഞങ്ങളെ കാത്ത് ഒരു വലിയ ലോകമുണ്ടായിരുന്നു. പക്ഷികളും പൂമ്പാറ്റകളുമുള്ള ഒരു ലോകം. മനുഷ്യകരസ്പർശമേൽക്കാത്ത ഇടം. മരങ്ങളുടെ ഗന്ധവും, കിളികളുടെ പാട്ടും പുത്തൻ അനുഭവമായിരുന്നു.

ആമുഖസെഷൻ എന്നൊക്കെ നമുക്കാസെഷനെ വിളിക്കാമായിരുന്നു. എന്നാലത് അങ്ങനെയൊരു ക്ലാസ്സായി തോന്നുകില്ല. പ്രകൃതിയെ അറിയുക എന്ന തായിരുന്നു ലക്ഷ്യം. 'മുത്തശ്ശൻ' എന്ന അർത്ഥവത്തായ കവിതയിലൂടെ ഞങ്ങൾ സഞ്ചരിച്ചു. അതിലൂടെ തവളയുടെ വഴുവഴുപ്പുള്ള ശരീരം.അവയ്ക്കും ഇനിയും ഒരുപാടു ദൂരം സഞ്ചരിക്കാനുണ്ട് എന്ന തിരിച്ചറിവ്. .

ഒറ്റ ദിവസം കൊണ്ടു തന്നെ ഞങ്ങളെല്ലാവരും സുഹൃത്തുക്കളായി. കൂടെ വന്ന അദ്ധ്യാപകരും ഞങ്ങളെ പോലെ തന്നെയായിരുന്നു.

റാണിപുരത്തെ രണ്ടാം പുലരി തുടങ്ങിയതുതന്നെ 'ചൂളക്കാക്ക'യുടെ ശബ്ദത്തോടെയാണ്. ഇതിൻെറ ശബ്ദം വളരെ പതിഞ്ഞതായിരുന്നു. എന്തുകൊണ്ടോ പലരും അതിനെ കണ്ടില്ല. കാണാത്തതിൻെറ നഷടബോധം നല്ലപോലെയുണ്ടായിരുന്നു. ഒരുപാട് ദൂരം പക്ഷികളെ കാണുവാൻ മാത്രമായി സഞ്ചരിച്ചു. ആ സഞ്ചാരത്തിനൊടുവിൽ മുപ്പത് പുതിയ പക്ഷികളെ കാണാനായി.

ഈ അനുഭവമൊക്കെ കൊണ്ടാവാം കാസർഗോഡ് ജില്ലയിലെ ഏറ്റവും ഉയരത്തിലെ റാണിപുരം കുന്ന് - ആറ് കുന്നുകൾ കയറിയെത്താൻ പ്രചോദനമായത്. തളർച്ചപോലും അറിയാതെ കാടറിവ് തേടി ഞങ്ങൾ നടന്നു. ദൂരേക്കു പോകും തോറും കുറച്ചുകൂടി അറിയാനുള്ള ഔത്സുക്യം വളർന്നു വന്നിരുന്നു. വഴിയിൽ ഒരുപാട് പുതിയ ചെടികളും മരങ്ങളും കണ്ടു.

നനുത്ത കുറെ ഓർമ്മകളുമായി റാണിപുരത്തു നിന്ന് വീട്ടിലേക്ക് മടങ്ങി ഇനിയൊരു ദിനം ഇങ്ങനെ എപ്പോഴെന്നോർത്തു കൊണ്ട്............

---

ജി. വി. എച്ച്. എസ്. എസ് ചിറക്കര

# ബാല്യകാലം

## കവിത

**അർച്ചന.സി.എം**

കാവേരി പുഴയുടെ അരികിൽ ഞാൻ നിൽക്കുമ്പോൾ
ആലോലം പാടിയ ആക്കാലം
എൻെറബാല്യകാലം
ചിരികളിയുടെ പൊന്നോണമായി
കളിയാട്ടത്തിൻ കലവറയായി
കുറുമ്പുകളുടെ ഉത്സവമായി
കളികളുടെ മത്സരമായി
എൻെറ ആ നല്ലബാല്യകാലം
സന്തോഷത്തിൻ നിമിഷങ്ങൾ മാത്രം
എന്നെന്നും എപ്പോഴും
ഉള്ളിൽ
കൂട്ടുകാരുമായി കളിയാടിയകാലം
എൻെറ കാലം
*ആ ബാല്യകാലം...*




**അഭിനവ്. കെ**

ജി. വി. എച്ച്. എസ്. എസ് ചിറക്കര




***അക്ഷയ സി.എം***



ജി. വി. എച്ച്. എസ്. എസ് ചിറക്കര

**അഭിനവ്. കെ**




BOB
THE RULES DON'T APPLY TO ME